Talented Bankers Literary Panel
പുസ്തക പരിചയം 157

പുസ്തകം പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുമ്പള ശാഖ.

ചോലമരങ്ങളില്ലാത്ത വഴി (കഥകൾ)
കെ പി സുധീര

പ്രശസ്ത സാഹിത്യകാരി
കെ പി സുധീരയുടെ 15 കഥകളുടെ സമാഹാരമാണ് ഈ പുസ്തകം. 'സ്വത്വത്തോട് ആത്മാർത്ഥത പുലർത്തുന്ന ധൈര്യം, അന്യർ വെട്ടിത്തെളിച്ച വഴിയെ ആശ്രയിക്കാതിരിക്കാനുള്ള ധൈര്യം. ഇതു രണ്ടും സുധീരയുടെ കഥകളിൽ കാണാം. നാമറിയാതെ നമ്മുടെ ആർദ്രതയുടെ ഉറവയുണർത്തുന്ന കഥകൾ" എന്ന് പ്രൊഫസർ എം ലീലാവതി ആമുഖത്തിൽ പറഞ്ഞിരിക്കുന്നത് അർത്ഥവത്താക്കുന്ന കഥകൾ. നിത്യവും സത്യവും ആയ സ്നേഹബന്ധങ്ങളും അവയുടെ തീവ്രതയും വേദനയും നിറഞ്ഞ 15 കഥകൾ.

ഈ പുസ്തകത്തിലെ ആദ്യ കഥയായ "താജ്മഹൽ "

മനസ്സിൽ വേദന ഉളവാക്കി കടന്നുപോയ ഒരു പ്രണയത്തിൻ്റെ ഓർമയ്ക്കായി താജ്മഹൽ വീണ്ടും കാണാൻ എത്തുന്ന ഒരാളുടെ കഥയാണ് . അവിടെ വച്ച് പോക്കറ്റടിക്കപെട്ട് ആഹാരത്തിനു പോലും കാശില്ലാതെ തെരുവിൽ കഴിയേണ്ടിവരുന്ന കഥാപാത്രത്തിന് തെരുവിലെ ഒരു സ്ത്രീ ഭക്ഷണവും തിരിച്ചുപോകാനുള്ള യാത്രാക്കൂലിയും നൽകുന്ന അവസ്ഥ . അന്യനാട്ടിൽ നിന്നു ലഭിച്ച ഒരു സ്നേഹത്തിന്റെ തീവ്രതയെ ശക്തമായ ഭാഷയിൽ അവതരിപ്പിച്ചിരിക്കുന്നു.

തുടർന്നുവരുന്ന ഉമ്മയുടെ മകൻ എന്ന കഥയിൽ മനീഷിൻ്റെ പത്താംക്ലാസിലെ പരീക്ഷാഫലം അറിഞ്ഞ ദിവസത്തിലെ മാതാവിനെയും പുത്രനെയും വികാര വിശേഷണങ്ങൾ പറയുന്നതിനിടയിൽ ആണ് മനീഷ് അവരുടെ സ്വന്തം മകൻ അല്ലെന്നും ആശുപത്രിയിൽ വച്ച് പരിചയപ്പെട്ട ഉമ്മ എന്ന സ്ത്രീയുടെ മകൻ ആണെന്നും ,ഐ സി യു വിൽ ചികിത്സയിലിരുന്ന മനീഷ് മരിച്ചുപോയി എന്ന് സംശയിച്ച് ആത്മഹത്യചെയ്ത ഉമ്മയോടുള്ള സ്നേഹത്തിന്റെ ഭാഗമായി മനീഷിനെ കൂടെക്കൂട്ടിയതാണെന്നും, ഇതിന്റെ പേരിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട ഒരു സ്ത്രീയാണ് ഇപ്പോഴത്തെ മാതാവ് എന്നും വിവരിക്കുന്നു.

തുടർന്നുവരുന്ന സ്ഫുരണം, കുഞ്ഞിമ്മ, ഡയാനയും പ്രണയവും ചില മുറിപ്പാടുകളും, ഒരു സമാഗമത്തിൻ്റെ കടം ,എൻ്റെ ജീവിതവും ചില നുണക്കഥകളും , നിഴൽ നാടകത്തിന്റെ കാവ്യ ശാസ്ത്രങ്ങൾ, കാണാപ്പുറങ്ങൾ കാവൽക്കാരൻ എന്നീ കഥകളിലെല്ലാം സ്നേഹത്തിൻറെ വിശുദ്ധിയും തീവ്രതയും ആണ് വരച്ച് കാട്ടിയിരിക്കുന്നത്.

കാവൽക്കാരൻ എന്ന കഥയിൽ എഴുതിയിരിക്കുന്ന "സ്നേഹം അടിച്ചേൽപ്പിക്കാനോ പിടിച്ചു വാങ്ങാനോ അവൾക്ക് കഴിവില്ലായിരുന്നു . പിടി മുറുകും തോറും അയഞ്ഞു പോകുന്ന ഒരു ഊഞ്ഞാലിൻ്റെ അരക്ഷിതത്വം മാത്രമായിരുന്നു അവൾക്ക് ദാമ്പത്യം " എന്നു പറഞ്ഞിരിക്കുന്നു.

കരയാത്ത കുട്ടി എന്ന കഥയിൽ ആകട്ടെ ഇരട്ട കുട്ടികളെ കുറിച്ചുള്ള ഒരു സിനിമ കണ്ടിറങ്ങുന്ന ഒരു ഭാര്യയെയും ഭർത്താവിൻ്റേയും സംഭാഷണത്തിലൂടെയാണ് കഥ തുടങ്ങുന്നത്. അവർക്കും ഇരട്ടക്കുട്ടികൾ ആയിരുന്നു. അതിൽ ജന്മനാ ശ്വാശകോശം ഇല്ലാതെ ജനിച്ച ഒരു കുട്ടിയെ എന്തു ചെയ്തു എന്ന് ആ അമ്മയ്ക്ക് അറിയില്ല . ഒരാൾ നഷ്ടപ്പെട്ട മാതാവിന്റെ വിഷമം അവർ ഇന്നും അനുഭവിക്കുന്നു. അടുത്ത ദിവസം ഒരു എക്സിബിഷന് പോയപ്പോൾ മെഡിക്കൽ പവനിയലിൽ കണ്ട ശ്വാസകോശം ഇല്ലാത്ത കുട്ടി .. സ്വന്തം ഭാര്യയോടു പോലും ചോദിക്കാതെ ഡോക്ടറുടെ ആവശ്യപ്രകാരം മെഡിക്കൽ കോളേജിൽ പഠനത്തിന് വിട്ടുകൊടുത്ത തൻ്റെ തന്നെ കുട്ടിയാണ് എന്ന് പിതാവ് തിരിച്ചറിയുന്നതും അതുമൂലം അയാൾക്ക് ഉണ്ടാകുന്ന വിഷമത്തിലുമാണ് കഥ അവസാനിക്കുന്നത്.
ഈ കഥയിൽ അല്പം നാടകീയത തോന്നാമെങ്കിൽ പോലും ഒറ്റവായനയിൽ ഇത് ഒരു ദുഃഖം മാത്രം നമ്മിൽ ഏൽപ്പിച്ച് കടന്നുപോകുന്നു.

"പ്രായശ്ചിത്തം: എന്ന കഥയിൽ പഠിപ്പ് കഴിഞ്ഞു അടുത്ത ദിവസം തന്നെ പുതിയ ഒരു ജോലിക്ക് പോകാനായി തയ്യാറാകുന്ന മകന്റെ പ്രണയത്തെക്കുറിച്ച് അറിയുന്ന മാതാവിന്റെ വിഷമങ്ങൾ ആണ് അവതരിപ്പിക്കുന്നത് .

മുൻ വിവാഹത്തിൽ ഒരു കുട്ടിയുള്ള സ്ത്രീയെ മകൻ കല്യാണം കഴിക്കുന്നത് അമ്മ എതിർക്കുന്നു . കഥയുടെ അന്ത്യത്തിൽ പണ്ട് ഈ അമ്മയ്ക്കും ഇതേ അവസ്ഥ തന്നെ ആയിരുന്നുവെന്നും മറ്റൊരാളാൽ ഉപേക്ഷിക്കപ്പെട്ട അമ്മയും മകനും ആണ് അത് എന്നും, പണ്ട് അച്ചൻ ചെയ്ത തെറ്റിന് പ്രായശ്ചിത്തം ചെയ്യുകയാണ് മകൻ എന്നോർത്ത് സമാധാനപ്പെടണം എന്നും ഇപ്പോഴത്തെ ഭർത്താവ് ഭാര്യയെ സമാധാനപ്പെടുത്തുന്നു.

'മണൽ കൊട്ടാരത്തിലെ രാജ്ഞി' എന്ന കഥയിൽ ഗൃഹ ജോലികൾ ചെയ്തു

ജീവിക്കുന്ന നാരായണി ,അവരെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയോടൊപ്പം പോയ ഭർത്താവു പിന്നീട് തിരിച്ചു വന്നപ്പോൾ ഇരുകൈകളും നീട്ടി അയാളെ സ്വീകരിക്കുന്നതിലെ സ്ത്രീ മനസ്സിൻ്റെ നീതിയെക്കുറിച്ചാണ് എഴുതിയിരിക്കുന്നത്. ഇതിൽ സ്ത്രീകളെക്കുറിച്ച് "സ്ത്രീകൾ പ്രജ്ഞയുടെയും ഭ്രാന്തിൻ്റേയും നടുക്ക് ജീവിച്ചാൽ ആർക്കും വിരോധമില്ല. തന്നെതന്നെ ബലികൊടുത്തു കഴിഞ്ഞാൽ പ്രശ്നമില്ല. അവളുടെ വറ്റാത്ത കണ്ണുനീർ തിളക്കത്തിൻ്റെ പ്രഭയിൽ അവർ മീശ മിനുക്കുന്നു. ദാമ്പത്യം അവർക്കും കുടഞ്ഞു കുതറുമ്പോൾ മുറുക്കുന്ന കെട്ടാണ്. അനങ്ങുമ്പോൾ അയഞ്ഞുപോകുന്ന ചങ്ങലയല്ല." എന്ന് എഴുതിയിരിക്കുന്നു

ഗുരു നിത്യചൈതന്യയതിയുമായുള്ള ആത്മബന്ധം ആമുഖത്തിൽ തന്നെ വിവരിക്കുന്ന കഥാകാരി ഇതിൽ എഴുതിയിരിക്കുന്ന "മനസ്സ ചൊൽപ്പടിക്ക് നിർത്തണം. അപ്പോഴേ നിൻ്റെ ഉള്ള് ശുദ്ധമാകു. സംശുദ്ധമായ മനസ്സിലേക്കേ അറിവ് പ്രവേശിക്കൂ. അറിവ് തളരാത്ത വീര്യവും തകരാത്ത ആനന്ദവും നിനക്ക് നൽകും" എന്ന വാക്കുകൾ ശ്രദ്ധേയമാണ്

സുധീരയുടെ ഈ പുസ്തകത്തിലെ കഥകൾ എല്ലാം തന്നെ സ്നേഹത്തിനെയും ആത്മ ബന്ധത്തെയും തീവ്ര വികാരത്തെ വരച്ചുകാട്ടുന്ന വയാണ് . ഒഴുകുള്ള ഭാഷയിൽ എഴുതിയിരിക്കുന്ന ഈ പുസ്തകം നല്ല വായനാസുഖം പ്രദാനം ചെയ്യും. ഒപ്പം ഓർത്തിരിക്കാൻ ഉതകുന്ന ചില മൊഴിമുത്തുകളും

ചിന്ത പബ്ലിക്കേഷൻസ് ആണ് പ്രസാധകർ
വില ൯൦ രൂപ

ഈ പുസ്തകം തമിഴിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്